(ബി&സി) പ്ലാനും എസ്റ്റിമേറ്റും ഇപ്പോഴുമായിട്ടു വകുപ്പിൽ നിന്നും തയ്യാറാക്കി ലഭിച്ചിട്ടില്ല.

(ഡി) 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ മാത്രമേ ഉൾക്കൊള്ളിച്ചിട്ടുള്ളൂ.

ഡോക്ടർ ടി. വി. ഫ്രാൻസിസിനെതിരെയുള്ള പരാമർശം

720 [1198] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മനോരോഗാശുപത്രിയിൽ വച്ച് 11-6-1985-ന് ഒരു രോഗി കൊല്ലപ്പെട്ടതു സംബന്ധിച്ചുണ്ടായ കേസ്സിൽ അന്ന് ആശുപത്രി സൂപ്രണ്ടായിരുന്ന ഡോക്ടർ ടി. വി. ഫ്രാൻസിസിനെതിരെ കേരള ഹൈക്കോടതി നടത്തിയ പരാമർശങ്ങളെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഡോക്ടർ ടി. വി. ഫ്രാൻസിസിനെതിരെ ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തൃശ്ശൂർ മനോരോഗാശുപത്രിയിൽ വച്ച് 11-6-1985-ന് ഒരു രോഗി കൊല്ലപ്പെട്ടത് സംബന്ധിച്ച്, ഹൈക്കോടതി അന്ന് ആശുപത്രി സൂപ്രണ്ടായിരുന്ന ഡോക്ടർ ടി. വി. ഫ്രാൻസിസിനെതിരെ യാതൊരു പരാമർശവും നടത്തിയിട്ടില്ല.

(ബി) ഹൈക്കോടതി പരാമർശങ്ങൾ ഒന്നും നടത്തിയില്ലായെങ്കിലും ഗവൺമെന്റ് ഡോക്ടർ ടി. വി. ഫ്രാൻസിസിനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും, ഗവൺമെന്റ് ഉത്തരവ് (ആർ. ടി.) 3540/86 ആ. കു. വ. പ്രകാരം 30-9-1986-ൽ അദ്ദേഹത്തിന്റെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ തടഞ്ഞുവച്ച് ഉത്തരവാകുകയും ചെയ്തു.

ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോക്ടർ ടി. വി. സുരേന്ദ്രനാഥിനെതിരായ കേസ്

721 [1199] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറായി ഡോക്ടർ ടി. വി. സുരേന്ദ്രനാഥിനെ നിയമിച്ചതിനെതിരെ ആരെങ്കിലും സുപ്രീം കോടതിയിൽ കേസ് കൊടുത്തിരുന്നോ ;

(ബി) എങ്കിൽ അതാരെന്നും വിധിയുടെ സാരമെന്തെന്നും വ്യക്തമാക്കാമോ ;

(സി) കോടതി വിധിയുടെ വെളിച്ചത്തിൽ എന്ത് നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിലെ താൽക്കാലിക ജീവനക്കാരെ റഗുലറൈസ് ചെയ്യാൻ നടപടി

722 [1206] ശ്രീ. കെ പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ ഹരിജൻ-ഗിരിജൻ വർഷത്തിൽ താല്ക്കാലികമായി ജോലിക്ക് നിയമിച്ച പട്ടികജാതി-പട്ടികവർഗ്ഗക്കാരെ ഇനിയും റഗുലറൈസ് ചെയ്യാത്തതിന്റെ കാരണമെന്ത് ;

LIBRARY ARCHIVES Kerala Legislative Assembly